താമസിച്ചു. അതുകൊണ്ട് ഇവരെ ഒരുമിച്ച് മാറ്റിത്താമസിപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്തായാലും ശരി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ അവിടെ വളരെ വൃത്തികേടായി കിടക്കുകയാണ്. അവിടം വൃത്തിയാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്നതാണ്.

(6) പോപ്പുലർ ആട്ടോമൊബൈൽസിലെ തൊഴിൽ സമരം

ശ്രീ. സി കെ. ചക്രപാണി : സർ, പോപ്പുലർ ആട്ടോമൊബൈൽസിലെ പണിമുടക്കത്തിലേക്ക് ഈ സഭയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. പോപ്പുലർ ആട്ടോമൊബൈൽസിന്റെ ഹെഡ് കൂവർട്ടേഴ്സ് തൃശ്ശൂരാണെങ്കിലും തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മദ്രാസ്, ബോംബെ എന്നിവിടങ്ങളിൽ അവരുടെ സെയിൽസ് ഡിപ്പോയുണ്ട്. അവിടത്തെ തൊഴിലാളികൾ 1985 വരെ ഒരു യൂണിയനിലും പ്പെട്ടിരുന്നില്ല. 1985 അവസാനം അവർ സംഘടിച്ച് യൂണിയനിലെ അംഗങ്ങളായി. ഇതിനെത്തുടർന്ന് അവിടത്തെ മാനേജുമെന്റ് ഹീനമായ നടപടികളാണ് അവർക്കെതിരെ നടത്തിവന്നത്. അതിന്റെ ഭാഗമായി തൊഴിലാളികളെ യാതൊരു മുന്നറിയിപ്പും കൂടാതെ സ്ഥലംമാറ്റുക, അവർക്കു നല്കുന്ന എച്ച്. ആർ. എ., ഔട്ട് സ്റ്റേഷൻ അലവൻസ് നിർത്തലാക്കുക, അവർ സ്ഥിരമായി ചെയ്തിരുന്ന തൊഴിലുകളിൽനിന്ന് തരംതാഴ്ത്തുക, ശാരീരികമായി അവരെ ആക്രമിക്കുക, തൊഴിലാളികൾ താമസിക്കുന്ന ലോഡ്ജുകളിൽ നിന്നും അവരെ ബലം പ്രയോഗിച്ച് പുറത്താക്കുക, ലോഡ്ജുകൾ അടച്ചുപൂട്ടുക, തൊഴിലാളികളുടെ ചെലവിൽ നടന്നുവന്നിരുന്ന മെസ് അവസാനിപ്പിക്കുക—ഇതൊക്കെയാണ് അവിടത്തെ ഏർപ്പാട്. പക്ഷെ അതിനെതിരെ തൊഴിലാളികൾ ശബ്ദമുയർത്തിയപ്പോൾ ആദ്യം തിരുവനന്തപുരത്തെ അവരുടെ സെയിൽസ് ഡിപ്പോ ലോക്ക് ഔട്ട് ചെയ്തു. കഴിഞ്ഞ മാർച്ച് 3-ാം തീയതി മുതൽ ആയിരക്കണക്കിന് തൊഴിലാളികൾ പണിമുടക്കത്തിലാണ്. നിരവധി conciliation കാൺഫറൻസുകൾ ജില്ലാതലത്തിൽ നടന്നു. പോപ്പുലർ ആട്ടോ മൊബൈൽസിലെ മുതലാളിമാർ പോലീസ് സംരക്ഷണം തേടുന്നു. ഇപ്പോൾ എല്ലാ സെയിൽസ് ഡിപ്പോകളും പോലീസ് കാവലിലാണ്. തൊഴിലാളികൾക്ക് ഫലപ്രദമായ രീതിയിലൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. നിരവധി conciliation കാൺഫറൻസുകൾ കഴിഞ്ഞുവെങ്കിലും മുതലാളിമാർ അതിലൊന്നും പങ്കെടുക്കുന്നില്ല. അതിനെതിരായിട്ട് വീണ്ടും സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, തിരുവനന്തപുരത്തെ പോപ്പുലർ ആട്ടോ മൊബൈൽസിൽ പ്രശ്നമുണ്ടായപ്പോൾ അത് പരിഹരിക്കുന്നതിന് രണ്ടു കോൺഫറൻസുകൾ വച്ചും ഇതിന്റെ മുതലാളിമാർ തീരെ സഹായകമല്ലാത്ത നിലപാട് സ്വീകരിച്ചുയെന്നു പറയുന്നത് ശരിയാണ്. അടുത്ത ദിവസവും കോൺഫറൻസ് വച്ചിട്ടുണ്ട്. അതിൽ മാനേജ്മെന്റ് പങ്കെടുക്കാതിരുന്നാൽ നിയമപരമായി പങ്കെടുപ്പിച്ച് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതും ഞാൻ തന്നെ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly